LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം മാർച്ച് 2015-ൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ ഇനിയും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ചുറ്റുമതിൽ - നിർമ്മാണം പുരോഗമിക്കുന്നു.
2. ഗേറ്റ് & ഗേറ്റ് ഹൗസ് - നിർമ്മാണം പുരോഗമിക്കുന്നു.
3. അപ്രോച്ച്റോഡ് - നിർമ്മാണം പുരോഗമിക്കുന്നു. (സ്ഥലനിർണ്ണയവുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിനാൽ അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.)
4. കുടിവെള്ള വിതരണ പദ്ധതി - നിർമ്മാണം പുരോഗമിക്കുന്നു.

മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമ പഞ്ചായത്തുകൾ

159 (2028) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത തീരദേശ ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്തതു കാരണം ഈ ഗ്രാമപഞ്ചായത്തുകളിലെ നിരവധി മത്സ്യത്തൊഴിലാളികൾക്ക്, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പലതും ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിനെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടാത്ത സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ഗ്രാമീണ അടിസ്ഥാന സൗകര്യ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം, ടോയ്ലെറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമം പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു :

കുടിവെള്ള പദ്ധതി	-	69.55 ലക്ഷം രൂപ
വൈദ്യുതീകരണം	-	8.74 ലക്ഷം രൂപ
വ്യക്തിഗത ടോയ്ലറ്റുകൾ	-	10.00 ലക്ഷം രൂപ
ലൈബ്രറി നിർമ്മാണം	-	20.00 ലക്ഷം രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ (4 എണ്ണം)	-	28.00 ലക്ഷം രൂപ

ഇതിൽ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചു കൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ 2 മത്സ്യഗ്രാമങ്ങളിലും 252.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഗവ. യു.പി. സ്കൂൾ, അരിയല്ലൂർ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം - 120.00 ലക്ഷം രൂപ.

ഗവ. എൽ.പി. സ്കൂൾ, കടലുണ്ടി നഗരം പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം - 85.00 ലക്ഷം രൂപ.

നെറ്റ് മെന്റിംഗ് യാർഡ് നിർമ്മാണം, കടലുണ്ടി നഗരം - 47.00 ലക്ഷം രൂപ

(ഡി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിരിക്കുന്ന രണ്ട് മത്സ്യഗ്രാമങ്ങളിൽ അരിയല്ലൂർ മത്സ്യഗ്രാമത്തെ സംയോജിത മത്സ്യഗ്രാമം പദ്ധതി 2012-13-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ മത്സ്യഗ്രാമമായ കടലുണ്ടി നഗരത്തെ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.